**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1662** **08-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി സംസ്കൃത കോളേജിന് അനുവദിച്ച ഇൻഡോർ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പട്ടാമ്പി സംസ്കൃത കോളേജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (എ) | ഇല്ല. പട്ടാമ്പി സംസ്കൃത കോളേജിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ കരാറിലെ ചില വ്യവസ്ഥകൾ മാറ്റം വരുത്തണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനക്ഷേമ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കായിക യുവജനക്ഷേമ വകുപ്പ് ഡയറക്ടറുടെയും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും സംയുക്ത യോഗം ചേർന്നിരുന്നു. തർക്കം നിലനിന്നിരുന്ന കരാറിലെ വ്യവസ്ഥകളിൽ ചില ന്യൂനതകൾ ഉള്ളതിനാൽ അവ പരിഹരിച്ച് പുതുക്കിയ ധാരണാപത്രം നൽകുന്നതിന് കായിക യുവജനക്ഷേമ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ധാരണാപത്രം ടി വകുപ്പ് ലഭ്യമാക്കുന്ന മുറക്ക് കരാറിലേർപ്പെട്ട് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; തടസ്സം പരിഹരിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ബി) | ഇല്ല. പട്ടാമ്പി സംസ്കൃത കോളേജിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ കരാറിലെ ചില വ്യവസ്ഥകൾ മാറ്റം വരുത്തണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനക്ഷേമ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കായിക യുവജനക്ഷേമ വകുപ്പ് ഡയറക്ടറുടെയും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും സംയുക്ത യോഗം ചേർന്നിരുന്നു. തർക്കം നിലനിന്നിരുന്ന കരാറിലെ വ്യവസ്ഥകളിൽ ചില ന്യൂനതകൾ ഉള്ളതിനാൽ അവ പരിഹരിച്ച് പുതുക്കിയ ധാരണാപത്രം നൽകുന്നതിന് കായിക യുവജനക്ഷേമ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ധാരണാപത്രം ടി വകുപ്പ് ലഭ്യമാക്കുന്ന മുറക്ക് |

| | | | |
|---|---|---|---|
| | | | കരാറിലേർപ്പെട്ട് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ